കഥ

# നൂറുരൂപാ നോട്ട്

വൈക്കം മുഹമ്മദ് ബഷീർ

**വെളുപ്പിനേ** കുളിച്ച് കാപ്പികുടിച്ച് സന്തോഷത്തോടെ യാത്ര പറഞ്ഞുപോയ അതിഥി ഉച്ചയോടടുത്തപ്പോൾ വിയർത്തു കുളിച്ചു തിരിച്ചുവന്ന് ആതിഥേയന്റെ മുമ്പിൽ ഒരു നൂറുരൂപാ നോട്ട് വച്ചിട്ടു പറഞ്ഞു:

"മാപ്പാക്കണം. ഞാൻ വലിയ ഒരു തെറ്റു ചെയ്തുപോയി. കടത്തുകടവിൽ ഇരുന്നു ഞാൻ വളരെ നേരം ആലോചിച്ചു. ജീവിതത്തിനു ഒരു തത്വ ശാസ്ത്രം കണ്ടു പിടിക്കാൻ കഴിഞ്ഞില്ല. ചിന്തകൾ കുഴഞ്ഞുമറിഞ്ഞു കിടക്കുന്നു. ആകെ വിഷമം. നിങ്ങളെന്നെ നല്ല മുഖത്തോടെ സ്വീകരിച്ചു. അസമയത്തു കയറി വന്ന എനിക്ക് ആഹാരം തന്നു. രാത്രി കിടക്കാൻ മാന്യമായ സ്ഥലവും തന്നു. നാം തമ്മിൽ വലിയ പരിചയമില്ല. എങ്കിലും നിങ്ങളെന്നെ മാന്യഅതിഥിയായി സ്വീകരിച്ചു. ഞാൻ നിങ്ങളോടു വലിയ ഒരു തെറ്റു ചെയ്തു."

"എന്തു തെറ്റ്?"

"ഈ നൂറുരൂപാ നോട്ട്. ഇന്നലെ പാതി രാത്രി കഴിഞ്ഞിട്ടും എനിക്കുറക്കം വന്നില്ല. ഞാനീ ലോകത്തെപറ്റിയും ജീവിതത്തെപറ്റിയും ഒക്കെ വിചാരിച്ചു കൊണ്ട് കിടന്നു. മനസ്സിനു സമാധാനമില്ല. ലൈറ്റ് നിന്നു കത്തുന്നുണ്ടായിരുന്നു.ഞാൻ കിടക്കയിൽ എണീറ്റിരുന്നു. എന്തെങ്കിലും വായിക്കാമെന്നു വിചാരിച്ചു. പുസ്തകങ്ങൾ അടുക്കിവെച്ചിട്ടുള്ള നിങ്ങളുടെ അലമാരി പൂട്ടിയിട്ടുണ്ടായിരുന്നില്ല. ഞാനതു തുറന്നു. അനേകം ഗ്രന്ഥങ്ങൾ ഇരിക്കുന്നതു കണ്ടു. ആത്മകഥകൾ, യാത്രാ സ്മരണകൾ, തത്വജ്ഞാനഗ്രന്ഥങ്ങൾ, കവിതകൾ, കഥകൾ, അക്കൂട്ടത്തിൽ ഭഗവത്ഗീത, ബൈബിൾ, ഖുർആൻ. ഞാൻ അതിൽ നിന്നു ഖുർആൻ എടുത്തു. ഇംഗ്ലീഷും ഹിന്ദിയുമാണ്. ഭംഗിയുള്ള ഗ്രന്ഥം. ഞാനതു കുറേ നേരം ആദ്യഭാഗം വായിച്ചു. എന്നിട്ടു മടക്കിവെച്ചു. ഞാനതു എന്റെ നെഞ്ചത്തു വെച്ചുകൊണ്ട് കുറേ നേരം കിടന്നു. ഖുർആൻ ലോകത്തിലെ എല്ലാ ഭാഷകളിലും വന്നു കാണണം. ഇതു ദൈവവചനങ്ങളാണെന്നു പറയുന്നു. ജനങ്ങളിൽ ഒരു പാടുപേർ അങ്ങനെ വിശ്വസിക്കുന്നു. ജിബ്രീൽ എന്ന ദൈവദൂതൻ അറേബ്യയിൽ ജനിച്ച മുഹമ്മദിനു പറഞ്ഞുകൊടുത്തതാണ്. എഴുത്തും വായനയും അറിഞ്ഞുകൂടായിരുന്നു മുഹമ്മദിന്. ഞാൻ ഓർത്തു: ദൈവം എന്നൊരു ആദികാരണമുണ്ടോ? പ്രപഞ്ചത്തെയും എല്ലാറ്റിനെയും ദൈവം സൃഷ്ടിച്ചതാണെന്നാണല്ലോ പറയുന്നത്.എന്നാൽ എല്ലാം താനേ ഉണ്ടായതല്ലേ? ഞാൻ വീണ്ടും ഖുർആൻ തുറന്നു. ഞാൻ ആകെ–എന്താ പറയുക! എനിക്കൊരു സംഭ്രമം പോലെ തോന്നി. ഖുർആന്റെ അകത്ത് നാലായി മടക്കിയ ഒരു നൂറുരൂപാ നോട്ടിരിക്കുന്നു!....നിങ്ങളും നിങ്ങളുടെ വീട്ടിലുള്ളവരും ഉറക്കമാണ്. ഞാൻ നോട്ടെടുത്തു എന്റെ പോക്കറ്റിൽ ഇട്ടിട്ട് ഖുർആൻ തിരികെ അലമാരിയിൽ വെച്ചു. എന്നിട്ടു ലൈറ്റണച്ചു കിടന്നു. ഇന്നു കാലത്തു കുളികഴിഞ്ഞു കാപ്പി തന്നു നിങ്ങളെന്നെ സന്തോഷത്തോടെ യാത്രയാക്കി. എന്റെ മനസ്സിൽ പരിഭ്രമമുണ്ടായിരുന്നു. ഞാൻ ഒരു കള്ളനാണ്. ഞാൻ ഇറങ്ങിയപ്പോൾ നിങ്ങൾ പറഞ്ഞു: "നമ്മളെ എല്ലാം ദൈവം രക്ഷിക്കട്ടെ!" ...നിങ്ങൾ എനിക്കു മാപ്പു തരണം. നിങ്ങളുടെ ഈ നൂറുരൂപാനോട്ടു നിങ്ങൾ സ്വീകരിക്കൂ!"

ആതിഥേയൻ നൂറുരൂപാ നോട്ടു കയ്യിലെടുത്ത് ചിന്തയിൽ മുഴുകി അങ്ങനെ ഇരുന്നു. എന്നിട്ട് പറഞ്ഞു:

"സാരമില്ല. ഒരു വഞ്ചനയുടെ കഥയുണ്ട് ഈ നോട്ടിൽ. നിങ്ങൾ ഏതായാലും ഊണുകഴിച്ച് വെയിൽ ആറിയിട്ടു പോയാൽ മതി. ഞാനീ നൂറുരൂപാനോട്ട് ഖുർആന്റെ അകത്തുവെയ്ക്കാൻ പാടില്ലാത്തതായിരുന്നു. വായിച്ചുകൊണ്ടിരുന്നപ്പോൾ അടയാളത്തിനു വെച്ചു. പിന്നെ അതു മറന്നു പോയി. നിങ്ങൾ ഇതും കൊണ്ടു പോകാതെ തിരികെ വന്നതു നന്നായി. ഇനി ഇതു വെച്ചേക്കണ്ട. ഞാൻ പറഞ്ഞില്ലേ, ഒരു വഞ്ചനയുടെ കഥയുണ്ടിതിൽ."

ആതിഥേയൻ തീപ്പെട്ടി ഉരച്ച് നൂറുരൂപാനോട്ടിന്റെ ഒരറ്റത്തു തീകൊളുത്തി. ആ ജ്വാലയിൽനിന്ന് ഒരു സിഗരറ്റ് കത്തിച്ചു വലിച്ചു. നോട്ടു കത്തിക്കരിഞ്ഞു ചാമ്പലായി. അതിഥി സ്തബ്ധനായി ഇരിക്കയാണ്. ആതിഥേയൻ പറഞ്ഞു:

"മനുഷ്യൻ എന്തുകൊണ്ട് വഞ്ചന കാണിക്കുന്നു? അറിഞ്ഞുകൊണ്ട് ചതിക്കുന്നു? ഈശ്വരവിശ്വാസിയും നിരീശ്വരനും ഒരു പോലെ തെറ്റു ചെയ്യുന്നുണ്ട്. തിന്മക്കു ശിക്ഷയുണ്ട്. ഇതു മനുഷ്യൻ മറന്നു പോകുന്നു. പക്ഷേ മറവി

യാണോ? അറിഞ്ഞുകൊണ്ടു തന്നെ തെറ്റു ചെയ്യുന്നുണ്ട്. ആ നൂറുരൂപാ നോട്ടെടുത്തപ്പോൾ നിങ്ങൾ ഒരു തെറ്റു ചെയ്തു. അന്യന്റെ മുതൽ അപഹരിക്കരുത്. പുരാതീനമായ ഒരാജ്ഞ കിടക്കുന്നു. നിങ്ങളുടെ മനസ്സാക്ഷി സമ്മതിച്ചില്ല. ഹൃദയത്തിന്റെ അകത്ത് ഒരസുഖം. നിങ്ങളതു തിരികെ കൊണ്ടുവന്നു തന്നു. എന്തുകൊണ്ട് നിങ്ങളുടെ മനസ്സാക്ഷി സമ്മതിച്ചില്ല?....ആ നൂറുരൂപാ നോട്ട് എങ്ങനെ ഉണ്ടായി? താനേ ഉണ്ടായതാണോ? ഖുർആന്റെ അകത്ത് എങ്ങനെ വന്നു? ഞാൻ പറഞ്ഞില്ലേ, ഞാൻ വെച്ചതാണ്. ഞാൻ എങ്ങനെ ഉണ്ടായി? നിങ്ങൾ എങ്ങനെ ഉണ്ടായി? ഈ പ്രപഞ്ചം എങ്ങനെ ഉണ്ടായി? അതു പോകട്ടെ. ആ നോട്ട് ഇവിടെ എങ്ങനെ വന്നു എന്നു പറയാം: ഈശ്വര ഭക്തനായ ഒരു മനുഷ്യൻ. അദ്ദേഹത്തിനു രണ്ടുമൂന്നു ആൺമക്കൾ. വലിയ സ്വത്തില്ല. കഷ്ടിച്ചു ജീവിക്കാം. വീടാന്തോറും പത്രമാസികകൾ കൊണ്ടെക്കൊടുക്കും. പുസ്തകങ്ങളും. അങ്ങനെയാണു അദ്ദേഹത്തെ എനിക്കു പരിചയം. സൗമ്യശീലനാണ്. അദ്ദേഹം മക്കളെ പഠിപ്പിച്ചു. വളരെ കഷ്ടപ്പെട്ടാണ്. മൂത്തരണ്ടു മക്കൾ ബി.എ പാസ്സായി. അവർക്കു ജോലി കിട്ടി. എല്ലാറ്റിലും ഇളയ മകൻ ഇന്റർ മീഡിയേറ്റിനു പഠിക്കുമ്പോൾ പിതാവു മരിച്ചു. അങ്ങനെ ആ യുവാവിന്റെ പഠിപ്പു അവസാനിച്ചു. ആൾ വളരെ സൽസ്വഭാവിയാണെന്നെനിക്കു തോന്നി. നമ്മൾ നിത്യവും ഇടപഴകുന്ന മനുഷ്യരെ പറ്റി നമുക്കെന്തറിയാം? ചിരിച്ചുകൊണ്ടാണ് വർത്തമാനം. മിക്ക ദിവസവും എന്റെ അടുത്തു വരും. പിതാവിന്റെ യോഗ്യതകളെ പറ്റി ഞാൻ സംസാരിക്കും. മക്കളെ നല്ല നിലക്കു വളർത്താൻ ശ്രമിച്ച പിതാവാണ്. അതോർമ്മ വേണം. നല്ല നിലയ്ക്കു വളരണം. ഉത്തമ മനുഷ്യനായി തീരണം. യുവാവാണ്. പ്രലോഭനങ്ങൾക്കു വശംവദനാകരുത്. തെറ്റും ശരിയുമുണ്ട്. തെറ്റുകൾ പറ്റാതെ ജീവിക്കുക. അങ്ങനെ കുറേ കാലം കഴിഞ്ഞ് ഒരു പൊതുകാര്യ പ്രസക്തനായി. അതു കഴിഞ്ഞു ഒരു രാഷ്ട്രീയ കക്ഷിയിൽ ചേർന്നു. എന്റെ അടുത്തു വന്നു രാഷ്ട്രീയ കാര്യങ്ങൾ പറയും. അതിനിടയ്ക്ക് ഒരു ദിവസം എന്നോട് അഞ്ചു രൂപാ കടം ചോദിച്ചു. ഞാനതു കൊടുത്തു. പറഞ്ഞ അവധിക്കു തിരിച്ചു തന്നു. പിന്നെ പത്തു രൂപാ. ഇരുപത്. അൻപത്. എല്ലാം കണിശമായി പറഞ്ഞ അവധിക്കു തന്നെ തന്നു. ഒടുവിൽ നൂറുരൂപാ കടം ചോദിച്ചു. തോന്നുമ്പോൾ പണം എടുക്കാൻ പറ്റിയ ഒരു നിലയല്ല എന്റേത്. എങ്കിലും ഞാനത് ഉണ്ടാക്കി കൊടുത്തു. പറഞ്ഞ അവധിക്കു തന്നില്ല. തന്നെയുമല്ല, എന്നെ വന്നു കാണാതെയുമായി. വല്ലപ്പോഴും കണ്ടാൽ തന്നെ വലിയ ഒരു പ്രമാണിയെപ്പോലെ കണ്ടഭാവം നടിക്കില്ല. ഞാനാ കഷ്ടപ്പെട്ടു മക്കളെ പഠിപ്പിച്ച പിതാവിനെ പറ്റി ഓർത്തു. ഒരു ദിവസം മകനെ ഞാൻ റോഡിൽ തടഞ്ഞുനിർത്തിയിട്ടു പറഞ്ഞു: നിങ്ങൾ തിരികെ തരാമെന്നു പറഞ്ഞ് എന്റെ പക്കൽനിന്നു നൂറുരൂപാ കടമായി വാങ്ങിയതു മറന്നു കളയുക. ഞാനും മറന്നേക്കാം. ഷേക്ക്ഹാന്റ്'.... അങ്ങനെ ഞങ്ങൾ പിരിഞ്ഞു. ഇനിയാണു രസം. മനുഷ്യൻ എന്തുകൊണ്ട് ഇങ്ങനെ പ്രവർത്തിക്കുന്നു? കുറേ മാസം കഴിഞ്ഞപ്പോൾ ആ ചെറുപ്പക്കാരൻ നൂറുരൂപായുടെ ഒരു നോട്ടു കൊണ്ടു വന്ന് തന്നിട്ട് എന്റെ പക്കൽനിന്നു രസീതു വാങ്ങിയിട്ടു പോയി. ഞാൻ പണം കൊടുക്കുമ്പോൾ രസീതു വാങ്ങിയിരുന്നില്ല. ആ നൂറുരൂപായുടെ നോട്ടാണ് നിങ്ങൾ ഖുർആനിൽ നിന്ന് എടുത്തുകൊണ്ടു പോയതും തിരികെക്കൊണ്ടുവന്നു തന്നതും."

"അതു കത്തിച്ചു കളഞ്ഞതെന്തിന്?"

"നിങ്ങൾക്കു മനസ്സിലായില്ലേ?" ആതിഥേയൻ ചോദിച്ചു, "അതു കള്ള നോട്ടായിരുന്നു!"

●